**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **03-02-2026 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഭിന്നശേഷി കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേയ്ക്ക് ഉയർത്തുന്നതിനോടൊപ്പം മലയാളം ഉൾപ്പെടെയുള്ള ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉൾപ്പെടെയുള്ള ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പരിപാടികൾ ചുവടെ നൽകുന്നു.<br><br>1. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി<br><br>2. മലയാളത്തിളക്കം<br><br>3. ഹലോ ഇംഗ്ലീഷ്<br><br>4. സുരീലിഹിന്ദി<br><br>5. ഹെൽപ്പിംഗ് ഹാന്റ്<br><br>6. വിവിധ ഭാഷകളിലെ വായനക്കാർഡുകൾ<br><br>7. കത്തെഴുത്ത്<br><br>8. വായനച്ചങ്ങാത്തം<br><br>9. വായനാവസന്തം<br><br>10. ഭാഷോത്സവം<br><br>11. സചിത്രപുസ്തകം<br><br>12. സംയുക്തഡയറി<br><br>13. സർഗാത്മക ഡയറി<br><br>14. കാർട്ടൂൺ ഡയറി<br><br>15. അഹ് ലൻ അറബിക്<br><br>16. പ്യാരി ഉറുദു |

| | | | |
|---|---|---|---|
| | | | 17. സംസ്കൃതമാധുരി |
| (ബി) | സമ്പൂർണ്ണ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമായ ഭിന്നശേഷി കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (ബി) | ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളിലെ കുട്ടികൾക്കായി പ്രത്യേക പാഠപുസ്തകങ്ങൾ നിർമ്മിച്ചു നൽകുകയുണ്ടായി.<br><br>കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടന്ന അവധിക്കാല അധ്യാപക ശാക്തീകരണ പരിപാടിയിൽ വിവിധ സെഷനുകളിലായി യൂണിവേഴ്സൽ ഡിസൈൻ ഫോർ ലേണിംങ്ങ് (UDL), ക്ലാസ്സ്മുറികളിൽ നടക്കേണ്ട അനുരൂപീകരണ പ്രവർത്തനങ്ങൾ എന്നിവയെ ആസ്പദമാക്കി വിശദമായ ക്ലാസ്സുകൾ നൽകുകയുണ്ടായി.<br><br>ബുദ്ധിപരമായ/ ശ്രവണപരമായ/ കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കായി പ്രത്യേകം പ്രത്യേകം ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയത്തിലെയും നോഡൽ ടീച്ചർമാർക്കുവേണ്ടി ത്രിദിന അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത ശാക്തീകരണ പരിപാടിയിൽ UDL, ക്ലാസ്സ്റൂം തല അനുരൂപീകരണം (പാഠഭാഗങ്ങളുടെ അനുരൂപീകരണം, പഠനോപകരണങ്ങളുടെ അനുരൂപീകരണം, പഠനബോധന പ്രക്രിയകളുടെ അനുരൂപീകരണം, മൂല്യനിർണ്ണയ പ്രക്രിയകളുടെ അനുരൂപീകരണം), ഐ.ഇ.പി., തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം എന്നീ മേഖലകളെ കുറിച്ച് വിശദമായി ചർച്ച ചെയ്തുവരുന്നു. |
| (സി) | ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങളിലൂടെ അത്തരം കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകി പിന്നോക്കാവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങളിലൂടെ ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾക്ക് സാമൂഹ്യനീതിവകുപ്പ്, വനിത ശിശുവികസന വകുപ്പ്, ആരോഗ്യവകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളായ എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ., കൈറ്റ്, കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് തുടങ്ങിയ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ